# അടിമവയ്ക്കൽ

*(കാർമ്മികൻ താഴെവരുന്ന പ്രാർത്ഥന ചൊല്ലിക്കൊടുക്കുന്നു. അടിമവയ്ക്കപ്പെടുവാനുള്ളവർ [ശിശുക്കളാണെങ്കിൽ അവരെ എടുത്തിരിക്കുന്നവർ] ഏറ്റുപറയുന്നു).*

എന്റെ *മദ്ധ്യസ്ഥനായ (മദ്ധ്യസ്ഥയായ)* / വിശുദ്ധ ............. / ജീവിതകാലം മുഴുവനും / അങ്ങയുടെ *ദാസനായിരിക്കുവാൻ (ദാസിയായിരിക്കുവാൻ)* ആഗ്രഹിച്ചുകൊണ്ട് / എന്നെത്തന്നെ / അങ്ങേയ്ക്കു ഞാൻ കാഴ്ചവയ്ക്കുന്നു. സ്നേഹപൂർവ്വം / എന്നെ സ്വീകരിക്കണമേ. ജീവിതത്തിലുണ്ടാകാവുന്ന / എല്ലാ അപകടങ്ങളിലും നിന്ന് / എന്നെ കാത്തുരക്ഷിക്കണമേ. അങ്ങയെ വിളിച്ചപേക്ഷിക്കുമ്പോഴെല്ലാം / എന്റെ സഹായത്തിനുവരണമേ. അങ്ങയുടെ മാതൃകയനുസരിച്ച് / *പരിശുദ്ധനായി (പരിശുദ്ധനായി)* ജീവിക്കുവാനും / നല്ല മരണം പ്രാപിച്ച് / സ്വർഗ്ഗത്തിൽ അങ്ങയോടുകൂടെ / നിത്യാനന്ദമനുഭവിക്കുന്നതിനും / എന്നെ സഹായിക്കണമേ. ആമ്മേൻ.

*(അർത്ഥിയുടെ ശിരസ്സിൽ പുഷ്പമുടി വയ്ക്കുകയോ കത്തിച്ച തിരി കൈയിൽ കൊടുക്കുകയോ ചെയ്യുന്നു. അനന്തരം കാർമ്മികൻ അർത്ഥി(നി)യുടെ ശിരസ്സിനു മുകളിൽ കൈ ഉയർത്തിപ്പിടിച്ചുകൊണ്ട്).*

**കാർമ്മി:** *(പേര് ... )* പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ വിശുദ്ധ ...........യുടെ *ദാസനായി (ദാസിയായി)* നിന്നെ ഞാൻ പ്രഖ്യാപിക്കുന്നു. ആ *വിശുദ്ധൻ (വിശുദ്ധ)* നിന്റെ *മദ്ധ്യസ്ഥനും (മദ്ധ്യസ്ഥയും) കാവല്ക്കാരനു(കാവൽക്കാരിയു)മായിരിക്കട്ടെ. വിശുദ്ധന്റെ (വിശുദ്ധ)*യുടെ മാതൃകയനുസരിച്ച് ദൈവത്തിന്റെയും മനുഷ്യരുടെയും മുമ്പിൽ വിശുദ്ധിയിലും വിജ്ഞാനത്തിലും വളർന്നുവരുവാൻ ദൈവം നിന്നെ അനുഗ്രഹിക്കട്ടെ.

നമ്മുടെ കർത്താവീശോമിശിഹായുടെ കൃപയും പിതാവായ ദൈവത്തിന്റെ സ്നേഹവും പരിശുദ്ധാത്മാവിന്റെ സംസർഗ്ഗവും നിന്നോടുകൂടെ ഉണ്ടായിരിക്കട്ടെ. ഇപ്പോഴും + എപ്പോഴും എന്നേക്കും.

**സമൂ:** ആമ്മേൻ

*Published by Knanaya Catholic Region for private use only.*

# DEDICATION

*(The candidate [if a child, the one bearing the child] repeat the following prayer after the celebrant).*

**St. ……., my mediator, I offer myself to you / wishing that / I will be your servant / throughout my life. Please lovingly accept me. Please protect me / from all possible dangers in life. Please come to my help / whenever I invoke your support. Help me to lead a holy life like yours / and to enjoy heaven with you at the end of my life. Amen.**

*(The celebrant crowns the candidate or gives a lighted candle. He then extends his hand over the candidate and says as follows).*

**CELEBRANT: *(Name …),* I declare you as the servant of St. ….. in the name of the Father, and the Son and the Holy Spirit. Let this saint be your mediator and guardian. May God bless you to grow in holiness and wisdom in front of God and people, following the model of this patron saint.**

**May the blessing of Almighty God, the Father, + the Son, and the Holy Spirit come upon you and remain with you for ever.**

**ALL: Amen.**

*Published by Knanaya Catholic Region for private use only.*